## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6030** **09-07-2024 - ൽ മറുപടിയ്ക്ക്**

## ചെറുകിട വ്യാപാര സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് നേരെ മാത്രം നടപടി സ്വീകരിക്കുന്നതിനാൽ വലിയ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ, മൂവാറ്റുപുഴ താലൂക്കുകളിൽ ഏകോപയോഗ പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പ്ലെയ്റ്റുകൾ, കപ്പുകൾ, പ്ലാസ്റ്റിക്ക് ആവരണമുള്ള പേപ്പർ കപ്പ്, 500 മില്ലിലിറ്ററിൽ താഴെയുള്ള PET/PETE (പോളിയെത്തിലീൻ ടെറഫ്ത്താലേറ്റ്) കുടിവെള്ളക്കുപ്പികൾ എന്നിവ നിർമ്മിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നിരോധനവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ട് നേരിട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഏകോപനയോഗ പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകളെല്ലാം തന്നെ പരിസ്ഥിതി സൗഹൃദമായി ട്ടുള്ള നിയമാനുസൃതമായ മൈക്രോൺ അളവുകൾ പാലിച്ച് കൊണ്ട് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ വാങ്ങുകയും ടി ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരണം നടത്തുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുനരുപയോഗിക്കാൻ കഴിയുന്ന പ്ലാസ്റ്റിക് ഉത്പ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭ സഹായ പദ്ധതിയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. |
| (ബി) | നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിച്ചതിന് പിഴ ചുമത്തിയതിനെ തുടർന്ന് സംസ്ഥാനത്ത് എത്ര ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്; ഇത് സംബന്ധിച്ച് കണക്ക് ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിച്ചതിന് പിഴ ചുമത്തിയതിനെ തുടർന്ന് സംസ്ഥാനത്ത് ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പൂട്ടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) | ചെറുകിട വ്യാപാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉത്പാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന MSME- |

| | | | |
|---|---|---|---|
| | | | ഇൻഷുറൻസ് എന്ന പദ്ധതി 2023-2024 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു. |

സെക്ഷൻ ഓഫീസർ